**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1201** **30-06-2026-ൽ മറുപടിയ്ക്ക്**

**കൃഷി വകുപ്പിന്റെ നവീകരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. അൻവർ സാദത്ത്

ശ്രീ. നീലകണ്ഠൻ

ശ്രീ. സന്ദീപ് വാര്യർ

ശ്രീ. ടി .ഒ. മോഹനൻ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കൃഷി വകുപ്പിന് കീഴിൽ മാർക്കറ്റിംഗ് വിഭാഗം രൂപീകരിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ;

**മറുപടി:**

നിലവിൽ കൃഷി വകുപ്പിന്റെ കിഴിൽ മാർക്കറ്റിംഗ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഡയറക്ടറേറ്റ് തലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർ (മാർക്കറ്റിംഗ് ) ന്റെ മേൽനോട്ടത്തിൽ ഒരു ഡെപ്യൂട്ടി ഡയറക്ടർ, രണ്ട് അസിസ്റ്റന്റ് ഡയറക്ടർമാർ, മൂന്ന് ക്ലർക്കുമാർ, ഒരു സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് എന്നിവരും, 14 ജില്ലകളിൽ ഓരോ അസിസ്റ്റന്റ് ഡയറക്ടർമാരും മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ നിർവഹിച്ചുവരുന്നു. ജില്ലാതലത്തിലുള്ള അസിസ്റ്റൻ്റ് ഡയറക്ടർ (മാർക്കറ്റിംഗ് )മാർ ഹോർട്ടികോർപ്പിന്റെ ജില്ലാ മാനേജർമാരുടെ അധിക ചുമതലയും വഹിച്ചുവരുന്നു.

കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനം, മൂല്യവർധനം, കയറ്റുമതി പ്രോത്സാഹനം, കർഷക ഉൽപ്പാദക സംഘങ്ങളുടെ (FPOs) വിപണി ബന്ധം ശക്തിപ്പെടുത്തൽ, ഡിജിറ്റൽ മാർക്കറ്റിംഗ് സംവിധാനങ്ങളുടെ വികസനം, സർക്കാർ ബ്രാൻഡിംഗ് പദ്ധതികളുടെ ഏകോപനം തുടങ്ങി മാർക്കറ്റിംഗ് മേഖലയിൽ ഉത്തരവാദിത്തങ്ങൾ വർധിച്ചുവരുന്നുണ്ട്.

അതിനാൽ, മാർക്കറ്റിംഗ് വിഭാഗത്തെ കാലോചിതമായി ശാക്തീകരിക്കുന്നതു സംബന്ധിച്ച വിഷയം പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നതാണ്.

**(ബി)** സംസ്ഥാനത്ത് സമ്പൂർണ്ണ മണ്ണ് പരിശോധന നടത്തി ഡിജിറ്റൽ രജിസ്റ്റർ തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാകുമോ

**മറുപടി:**

കേരളത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ 14 ജില്ലാ മണ്ണ് പരിശോധനാ ലബോറട്ടറികളും, 9 സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലബോറട്ടറികളും, 1 കേന്ദ്ര മണ്ണ്-സസ്യ ആരോഗ്യ കേന്ദ്രവും നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ മണ്ണ് പര്യവേഷണ വകുപ്പുമായി (Soil Survey Department) സഹകരിച്ച് മണ്ണ് ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട വിവിധ കേന്ദ്രപദ്ധതികൾ നടപ്പിലാക്കുന്നുമുണ്ട് . ഈ സ്ഥാപനങ്ങൾ വഴി കർഷകരിൽ നിന്ന് ലഭിക്കുന്ന മണ്ണ് സാമ്പിളുകൾ ശാസ്ത്രീയമായി പരിശോധിച്ച് മണ്ണിന്റെ ആരോഗ്യവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുകയും രേഖപ്പെടുത്തുകയും ചെയ്തു വരുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ ഭാഗമായി, 1,74,802 മണ്ണ് സാമ്പിളുകൾ പരിശോധിച്ച് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. മുൻ വർഷങ്ങളിലായി ശേഖരിച്ച മണ്ണ് പരിശോധനാ വിവരങ്ങളും സോയിൽ ഹെൽത്ത് കാർഡ് ഡാറ്റയും സംസ്ഥാനതലത്തിൽ ലഭ്യമാണ്.

സോയിൽ ഹെൽത്ത് കാർഡ് പോർട്ടൽ, മണ്ണിന്റെ ഗുണനിലവാരവും പോഷകഘടകങ്ങളുടെ നിലയും വിലയിരുത്തി കർഷകർക്ക് ശാസ്ത്രീയ വളപ്രയോഗ നിർദേശങ്ങൾ നൽകുന്ന ഒരു ഡിജിറ്റൽ സംവിധാനമാണ്. ഇതുവഴി മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുന്നതിനും കൃഷി ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനും സഹായകമാകുന്നു.

സംസ്ഥാനത്ത് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന KATHIR - Kerala Krishi Hub പ്ലാറ്റ്ഫോമിൽ Soil Testing Module പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ഇതിലൂടെ കർഷകർക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാനും, പരിശോധനാ ഫലങ്ങളും സോയിൽ ഹെൽത്ത് കാർഡുകളും ഡിജിറ്റലായി ലഭ്യമാക്കാനും സാധിക്കുന്നു.

കേന്ദ്ര സർക്കാരിന്റെ Soil Health Card Portal, സംസ്ഥാന സർക്കാരിന്റെ KATHIR പ്ലാറ്റ്ഫോം, മണ്ണ് പരിശോധനാ ലാബുകളുടെ പ്രവർത്തനങ്ങൾ എന്നിവ സംയോജിപ്പിക്കുന്നതിലൂടെ സംസ്ഥാനതലത്തിൽ സമഗ്രമായ മണ്ണ് ആരോഗ്യ ഡാറ്റാബേസ് രൂപീകരിക്കാൻ കഴിയുന്നതും ഇത് ശാസ്ത്രീയ കൃഷി ആസൂത്രണത്തിനും, പോഷക പരിപാലന പദ്ധതികൾ തയ്യാറാക്കുന്നതിനും, കർഷകർക്ക് കൂടുതൽ ഫലപ്രദമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും സഹായകരമാകുന്നതുമാണ്.

അതിനാൽ, നിലവിലുള്ള പദ്ധതികളെ ഏകോപിച്ച് സംസ്ഥാനത്ത് സമ്പൂർണ്ണ മണ്ണ് പരിശോധന നടത്തി ഡിജിറ്റൽ രജിസ്റ്റർ തയാറാക്കുന്ന വിഷയം പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നതാണ്.

**(സി)** പഴം, പച്ചക്കറി കയറ്റുമതിയിൽ സീറോ റിജക്ഷൻ എന്ന പുതിയ കയറ്റുമതി ദൗത്യം നടപ്പിലാക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** കൃഷി വകുപ്പിന് കീഴിലുള്ള വെജിറ്റബിൾ അന്റ് ഫ്രൂട്ട് പ്രമോഷൻ കൺസിൽ കയറ്റുമതി പ്രോത്സാഹന നോഡൽ ഏജൻസിയായി പ്രവർത്തിച്ചു വരുന്നു. വെജിറ്റബിൾ അന്റ് ഫ്രൂട്ട് പ്രമോഷൻ കൺസിൽ മുഖേന കയറ്റുമതി അധിഷ്ഠിത കൃഷി രീതികൾ പ്രോത്സാഹിപ്പിച്ചു ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുവാൻ വേണ്ട പ്രോത്സാഹനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകി വരുന്നുണ്ട്. വിളവെടുപ്പാനന്തരം ഉണ്ടാകുന്ന നഷ്ടങ്ങൾ കുറച്ച്, മികച്ച ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ കയറ്റുമതിക്കാരുടെ ആവശ്യാനുസരണം കർഷകരിൽ നിന്നും ലഭ്യമാക്കിയും വരുന്നു. മികച്ച ഗുണനിലവാരമുള്ളതും കയറ്റുമതിക്കാരുടെ ആവശ്യാനുസരണമുള്ളതുമായ പഴം - പച്ചക്കറി ഉത്പ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നത് വഴി ഉത്പ്പന്നങ്ങൾ ഒഴിവാക്കപ്പെടുന്നത് ഗണ്യമായി കുറയ്ക്കാവുന്നതാണ്. പഴം പച്ചക്കറി കയറ്റുമതിയിൽ സീറോ റിജക്ഷൻ എന്ന പേരിൽ പുതിയ കയറ്റുമതി ദൗത്യം നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ രേഖകളും നിർദേശങ്ങളും പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**